സംബന്ധിച്ച് ഒരു തീരുമാനമെടുത്തു. പുനരുദ്ധരിക്കാവുന്ന കയർ സംഘങ്ങൾ കയർ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യണം. അത് ഏത് വിധത്തിലാണ് പുനരുദ്ധരിക്കുക, അതിന്റെ ആസ്തിയും ബാക്കിയുള്ളതും ഒക്കെ കണ്ടിട്ട് ഒരു തീരുമാനമെടുക്കുന്നതിനാണ് നോട്ടീസ് വന്നിരിക്കുന്നത്. അല്ലാതെ മറ്റ് വിധത്തിലല്ല. ആരേയും അക്കൂട്ടത്തിൽ ശിക്ഷിക്കണമെന്നില്ല. എന്നാൽ കുറ്റം ചെയ്യുന്ന ആളുകളെ നമ്മൾ വെറുതെ വിടേണ്ട. ആ വിധത്തിൽ പുനരുദ്ധരിക്കാനുള്ള നടപടികളെടുക്കും.

(2) മണ്ണാർക്കാടിലെ ജലസ്രോതസ്സുകളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, നീലഗിരി കോയമ്പത്തൂർ മലപ്പുറം ജില്ലകളാൽ ചുറ്റപ്പെട്ട് കിടക്കുന്ന പ്രദേശമാണ് എന്റെ നിയോജകമണ്ഡലം. എന്റെ നിയോജകമണ്ഡലത്തിലൂടെ വാനി, ശിരുവാണി, കുന്തിപ്പുഴ, നെല്ലിപ്പുഴ, മുറിയങ്കണ്ണിപ്പുഴ, കാഞ്ഞിരപ്പുഴ എന്നീ നദികൾ ഒഴുകുന്നു. ഇതിൽ കാവേരി നദിയുടെ പ്രധാനപ്പെട്ട ട്രിബ്യൂട്ടുകളാണ് ഭവാനിപ്പുഴയും ശിരുവാണിപ്പുഴയും. അതുപോലെതന്നെ ഭാരതപ്പുഴയുടെ പ്രധാന ട്രിബ്യൂട്ടുകളാണ് കുന്തിപ്പുഴ, കാഞ്ഞിരപ്പുഴ, നെല്ലിപ്പുഴ. കടലുണ്ടിപ്പുഴയുടെ പ്രധാന ട്രിബ്യൂട്ടാണ് മുറിയങ്കണ്ണിപ്പുഴ. ഈ പുഴകളാൽ സമൃദ്ധമാണ് എന്റെ നിയോജകമണ്ഡലം. എന്റെ നിയോജകമണ്ഡലത്തിലെ വാനി, ശിരുവാണി പുഴ ഒഴുകുന്ന പ്രദേശങ്ങളുടെ മദ്ധ്യഭാഗം കിഴക്കൻ അട്ടപ്പാടിയാണ്. 'വെള്ളം വെള്ളം സർവ്വത്ര വെള്ളം, തുള്ളി കുടിപ്പാനില്ല.' എന്നുപറഞ്ഞപോലെ ഈ നദികളിൽ ജല സമൃദ്ധിയുണ്ടായിട്ടുപോലും ആ പ്രദേശം വരൾച്ചയുടെ പിടിയിലാണ്. 50 കിലോമീറ്ററോളം ഒഴുകിക്കൊണ്ടാണ് കേരളത്തിൽ ഭവാനി നദി എത്തുന്നത്. ഇത് പുതൂർ, ഷോളയൂർ അതുപോലെ അഗളി പഞ്ചായത്തിന്റെ അതിർത്തികളിലൂടെയാണ് ഒഴുകുന്നത്. ഭവാനി നദിയിലടക്കം തന്നെ തമിഴ്നാട് അഞ്ചോളം ഡാമുകൾ കെട്ടിക്കൊണ്ട് വെള്ളം തിരിച്ച് കൊണ്ടുപോയി. കോറക്കുന്ത, ഈസ്റ്റ് കോറക്കുന്ത, എമറാൾഡ്, കുന്ത, അത്തിക്കടവ് എന്നീ സ്ഥലങ്ങളിലാണ് ഡാമുകൾ കെട്ടിയത്. ഇതിൽ ഈസ്റ്റ് കോറക്കുന്തയിലും എമറാൾഡിലും സബ് വേ ഉണ്ടാക്കി ടണലിലൂടെ കുന്താ പ്രോജക്ടിലേക്ക് തമിഴ്നാട് വെള്ളം കൊണ്ടുപോവുകയാണ്. ഇതുകാരണം തന്നെ പുതൂരിലും ഷോളയൂരിലുമൊക്കെ, ഷോളയൂർ പഞ്ചായത്തിൽകൂടി ഒഴുകുന്ന ഭവാനി നദിയിലെ ജലത്തിന്റെ ഉയർച്ച കുറഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഭവാനിപ്പുഴയിലെ ചെമ്മണ്ണൂരിലും പാക്കുളത്തും തേക്കുവട്ടയിലും ചാവടിയൂരും രംഗനാഥപുരത്തും ശീങ്കരയിലും അടിയന്തിരമായി ചെക്ക് ഡാമുകൾ കെട്ടണമെന്ന് ഞാൻ പറയുകയാണ്. അതുപോലെ കേരളത്തിലേക്ക് ഒഴുകിവരുന്ന വരകയാർ നദി തമിഴ്നാട് തിരിച്ചുകൊണ്ടുപോയി. അതുകാരണം വരകയാറും വറ്റിയിരിക്കുകയാണ്. കേരളത്തിന്റെ തന്നെ ഏറ്റവും വലിയ നെല്ലുല്പാദന കേന്ദ്രമായ പുതൂർ പഞ്ചായത്ത് ഇന്ന് വരൾച്ച ബാധിത പ്രദേശമായിരിക്കുകയാണ്. അതുകൊണ്ടു തന്നെ വരകയാർ തിരിച്ചുവിട്ട നടപടി ഒന്നുകൂടി വിലയിരുത്തിക്കൊണ്ട് നമ്മുടെ സംസ്ഥാനത്ത് എവിടെയെങ്കിലും ഈ വെള്ളം തിരിച്ചുകൊണ്ടുപോകുന്നുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

യെന്ന് പരിശോധിക്കാൻ വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തണം. അതുപോലെ അട്ടപ്പാടി പ്രദേശത്ത് കുളങ്ങൾ ഇല്ല. ഐ.ഡബ്ല്യൂ.പി. പ്രോജക്ടിൽ ഉൾപ്പെടുത്തിക്കൊണ്ട് കുളങ്ങളും തലക്കുളങ്ങളും ഉണ്ടാക്കാനുള്ള പ്രോജക്ട് അവിടുത്തെ ബന്ധപ്പെട്ട ഐ.ടി.ഡി.പി. യും ബ്ലോക്ക് പഞ്ചായത്തും സമർപ്പിക്കുകയുണ്ടായി. അക്കാര്യത്തെക്കുറിച്ചും ഒരു ഫോളോ അപ് വർക്ക് വേണം. 130 ബോർവെല്ലുകൾ അട്ടപ്പാടി പ്രദേശത്തുണ്ട്. അതിൽ 5 ബോർവെല്ലുകളിൽ മാത്രമാണ് ഇറിഗേഷൻ ഫെസിലിറ്റീസുള്ളത്. ഇറിഗേഷൻ ഫെസിലിറ്റീസ് സജീവമാവുകയാണെങ്കിൽ കേരളത്തിൽ മുളകിന് പറ്റിയ കാലാവസ്ഥയുള്ള പ്രദേശത്ത് മുളക് കൃഷി വ്യാപിപ്പിക്കാൻ കഴിയും.

അതുപോലെ ശിരുവാണി കരാറു പ്രകാരം 2.5 ടി.എം.സി. വെള്ളം നമുക്ക് കിട്ടേണ്ടതുണ്ട്. അപ്രകാരം നമുക്ക് ഇന്ന് കിട്ടുന്നില്ല. ശിരുവാണിപ്പുഴയിൽ എ.വി.ഐ.പി. ഡാം നമ്മൾ നിർമ്മിക്കുകയാണെങ്കിൽ കിഴക്കൻ അട്ടപ്പാടിയിലെ വരൾച്ചക്ക് ശാശ്വത പരിഹാരം ഉണ്ടാക്കാൻ കഴിയും. അതിന്റെ ഭാഗമായി സ്ഥലങ്ങളൊക്കെ പത്തു മുപ്പതു വർഷം മുൻപ് അക്വയർ ചെയ്തതാണ്. ഒരു ഫോളോ അപ് വർക്കും നടക്കുന്നില്ല. ഈ നിയമസഭയിൽ തന്നെ (പത്താം കേരള നിയമസഭയിൽ) എട്ട് എം.എൽ. എ. മാരുടെ ചോദ്യത്തിന് അന്നത്തെ ഇറിഗേഷൻ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്ക് കൊടുത്തിരിക്കുകയാണെന്നു പറഞ്ഞു. അത് എത്രത്തോളം എത്തി എന്ന് അറിയാൻ ആഗ്രഹം ഉണ്ട്. ശിരുവാണി നദിയിൽ, മുച്ചിക്കടവിലും, നെല്ലിപ്പതിയിലും, നൂറേക്ര പരിസരത്തും, സാമ്പാർക്കോടും മണ്ണാന്തറ മേട്ടിലും തേക്കുമുക്കിയൂരിലും, ആരോഗ്യമാതാ സ്കൂളിന് സമീപവും അതുപോലെ വാനി - ശിരുവാണി യോജിക്കുന്ന കൂടപ്പെട്ടിയിലും ഓരോ ചെക്കുഡാമുകൾ നിർമ്മിച്ചാൽ തീർച്ചയായും കിഴക്കൻ അട്ടപ്പാടിയുടേയും, അതിനടുത്തുള്ള പ്രദേശങ്ങളുടേയും പ്രശ്നത്തിനും പരിഹാരം കാണാം. എന്റെ നിയോജകമണ്ഡലത്തിൽ അട്ടപ്പാടി പ്രദേശത്ത് 350 മില്ലീമീറ്റർ മഴ ലഭിക്കുന്ന പ്രദേശവും ഉണ്ട്. 900 മില്ലീമീറ്റർ മഴ ലഭിക്കുന്ന പ്രദേശവുമുണ്ട്. 900 മില്ലീമീറ്റർ മഴ ലഭിക്കുന്ന പ്രദേശത്തിന് ശിരുവാണി അതുപോലെ തന്നെ ഭവാനി നദികളിലെ ചെക്കുഡാമുകൾ ഉപയുക്തമാകും. 1961 ൽ ആരംഭിച്ച കാഞ്ഞിരപ്പുഴ പദ്ധതി 2002 ൽ കമ്മീഷൻ ചെയ്യുമെന്ന് പത്താം കേരള നിയമസഭയിൽ ഉത്തരം നൽകിയതാണ്. അതും ഇന്ന് അനന്തമായി നീളുകയാണ്. അതുപോലെ തന്നെ കാഞ്ഞിരപ്പുഴ ഡാം 100 ശതമാനവും പൂർത്തീകരിക്കണമെങ്കിൽ തൂപ്പനാട് പദ്ധതി യാഥാർത്ഥ്യമാകണം. അതും ഇതുവരെ ഉണ്ടായിട്ടില്ല. അതുപോലെ നെല്ലിപ്പുഴയിലെ ആനമൂളി ഡാമിൽ ഒരു മൈനർ ഇറിഗേഷൻ പ്രോജക്ട് ഉണ്ട്. അത് തകർന്നിരിക്കുകയാണ്. കുന്തിപ്പുഴയിലെ കൈതച്ചിറയിൽ ഒരു ചെക്ക്ഡാം ഉണ്ടാകുകയാണെങ്കിൽ മണ്ണാർക്കാട് കുമരംപുത്തൂർ പഞ്ചായത്തുകൾക്ക് ഉതകും. അതുപോലെ തന്നെ കുന്തിപ്പുഴ ഏറ്റവും വലിയ ജലത്തിന്റെ സമൃദ്ധിയുള്ള, ലോകത്തിലെ തന്നെ അപൂർവ്വം ശുദ്ധജല, സ്ഫടികജല സമാനമായ നദിയാണ്. ഈ നദിയിലേക്ക് വരുന്ന ജലം നീലിത്തോട് ടണൽ വഴി അഴിയൂർ തോട്ടിലേക്കും അതുപോലെ തന്നെ പുത്തൂർ തോട്ടിലേക്കും തിരിച്ചു വിടുകയാണെങ്കിൽ കേരളത്തിലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

അഞ്ച് നിയോജക മണ്ഡലങ്ങളിലേക്ക് വെള്ളം കൊടുക്കാൻ കഴിയും. മുറിയക്കണ്ണിപ്പുഴയിൽ കക്കാമ്പാറ പദ്ധതി നടപ്പാക്കണം. ഇത്തരം പദ്ധതികൾ നടപ്പാക്കുകയാണെങ്കിൽ കേരളത്തിലെതന്നെ ഏറ്റവും വലിയ കാർഷിക മേഖലയായി എന്റെ മണ്ഡലത്തെ മാറ്റാൻ കഴിയും. വിദ്യാ ഭ്യാസവും ജലവുമാണ് നമ്മുടെ പുരോഗതിയുടെ അടിസ്ഥാനം. ജലത്തിന്റെ കാര്യത്തിൽ പലപ്പോഴും ആസൂത്രണം വൈകുന്നു, ഫണ്ട് ഉണ്ടാകുന്നില്ല. എന്റെ നിയോജക മണ്ഡലത്തെ സംബന്ധിച്ചു മാത്രമല്ല കേരളത്തിലെ മുഖ്യ പ്രശ്നമാണിത്. അതുകൊണ്ട് ജല വകുപ്പ് ഒന്നുകൂടി ശക്തിപ്പെടുത്തണം. അട്ടപ്പാടി പദ്ധതി നടപ്പാക്കണം. ഒരു പൈസ സംസ്ഥാന സർക്കാർ ചെലവാക്കേണ്ട. അഹാഡ്സിനെ സമീപിച്ചാൽ രണ്ടു വർഷംകൊണ്ട് അട്ടപ്പാടിയിലെ വരൾച്ച 100% മാറ്റാൻ കഴിയും. ഏത് വിത്തിട്ടാലും വെള്ളം കൊടുത്താൽ സമൃദ്ധിയായി വളരുന്ന ഏറ്റവും സുന്ദരമായ പുഷ്പങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന മണ്ണാണ് അവിടത്തേത്. ആ മണ്ണിനെ ജലം കൊടുത്ത് ജീവൻ വയ്പിക്കണമെന്ന് ഞാൻ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട ജലവിഭവവകുപ്പ് മന്ത്രിയോടും, ഈ സ യോടും ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി. (ശ്രീ. ടി.എം. ജേക്കബ്) : ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കളത്തിൽ അബ്ദുള്ള ഒരുപാട് കാര്യങ്ങൾ പറഞ്ഞു. കാളിംഗ് അറ്റൻഷന് സാധാരണ ഒരു മാറ്റാറാണ് വരിക. പക്ഷെ അദ്ദേഹം ഒരുപാട് കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. ഏതിനാണ് ഞാൻ മറുപടി പറയേണ്ടതെന്നറിയില്ല.

മി. സ്പീക്കർ : ചുരുക്കിപ്പറഞ്ഞാൽ മതി. അദ്ദേഹത്തിനും പറയണമെന്നയുള്ളൂ. അല്ലെങ്കിൽ ഏതെങ്കിലും ഒന്ന് കോൺസെൻട്രേറ്റ് ചെയ്ത് പറയുമായിരുന്നു.

ശ്രീ. ടി. എം. ജേക്കബ് : മൈനർ ഇറിഗേഷൻ പ്രോജക്ടിനെ സംബന്ധിച്ച് അദ്ദേഹം പറയുകയുണ്ടായി. മൈനർ ഇറിഗേഷനെ സംബന്ധിച്ചിടത്തോളം 1994-ൽ പഞ്ചായത്തീരാജ് നിയമം കൊണ്ടുവന്ന അവസരത്തിൽ 15 ഹെക്ടർ വരെയുള്ള ഭൂമിക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് ലോക്കൽ ബോഡീസിന് കൊടുത്തിരുന്നത്. പിന്നീട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, 1999-ൽ കൊണ്ടുവന്ന ഒരു ഭേദഗതി അനുസരിച്ച് മൈനർ ഇറിഗേഷൻ മുഴുവനായി ലോക്കൽ ബോഡീസിന് വിട്ടുകൊടുത്തിരിക്കുന്നു എന്നൊരു ക്ലാസ് ആ നിയമത്തിൽ എഴുതിച്ചേർത്തിട്ടുണ്ട്. അതേസമയം വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ഓൺഗോയിംഗ് മൈനർ ഇറിഗേഷൻ സ്കീമുകളെ സംബന്ധിച്ചിടത്തോളം ഫലത്തിൽ സംഭവിച്ചതെന്താണെന്നു ചോദിച്ചാൽ കറണ്ട് ഇയർ ബഡ്ജറ്റിൽ, 2003-2004 ബഡ്ജറ്റിൽ, ഒരു പൈസപോലും മൈനർ ഇറിഗേഷന് വച്ചിട്ടില്ല, വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിന്. ഇത് നിയമസഭയുടെ നമ്പർ III സബ്ജക്ട് കമ്മിറ്റി പരിശോധിച്ചതിനുശേഷം ഈ മൈനർ ഇറിഗേഷൻ പ്രോജക്ടുകൾ സംസ്ഥാന ഗവൺമെന്റിന്റെ മേൽ നോട്ടത്തിൽ തന്നെ നടത്തണം, അതിനുവേണ്ട പ്രൊവിഷൻ വയ്ക്കണം എന്നും കമ്മിറ്റി യുനാനിമസ് ആയിട്ടുതന്നെ പറഞ്ഞു. അതിനെത്തുടർന്ന് ഞാൻ ധനകാര്യവും എക്സൈസും വകുപ്പു മന്ത്രിയുമായി ഈ കാര്യത്തെക്കുറിച്ച് ചർച്ച നടത്തിയിട്ടുണ്ട് ; ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. ഇപ്പോൾ ഈ വരുന്ന സപ്ലിമെന്ററി ഡിമാന്റിൽ കുറച്ചു പണം വരും. അത് വരുന്ന സമയത്ത് അദ്ദേഹം ഇവിടെ സൂചിപ്പിച്ച ലിഫ്റ്റ് ഇറിഗേഷൻ സ്കീംസിനെ സംബന്ധിച്ച്,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പുതുതായി തുടങ്ങാനുള്ളതും, അതുപോലെ തന്നെ ഇൻവെസ്റ്റിഗേഷൻ നടത്തി ആരംഭിക്കേണ്ടതുമായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് തീരുമാനം എടുക്കാം. ഞാൻ ഓരോന്നായി എടുത്തു പറയുന്നില്ല. അദ്ദേഹം തന്നെ ഇവിടെ പേരുകളൊക്കെ പറഞ്ഞു. ആ സന്ദർഭത്തിൽ ശ്രീ. കളത്തിൽ അബ്ദുള്ള പറഞ്ഞ കാര്യങ്ങളൊക്കെ പ്രത്യേകമായി ശ്രദ്ധിക്കാം. അട്ടപ്പാടി പ്രോജക്ട് ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണ്. നിർത്തി വയ്ക്കാൻ കാരണം ഈ പ്രോജക്ടുമായി മുന്നോട്ടു പോകുന്നതിനുള്ള സാങ്കേതികമായ തടസ്സം വന്നു. ഈ പ്രോജക്ട് നമ്മുടെ സ്റ്റേറ്റിന് ഫണ്ട് ഉണ്ടെങ്കിൽ നടത്താം. 8 കോടി രൂപ അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ടിനു വേണ്ടി ഇതുവരെ സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്. കുറേ ക്വാർട്ടേഴ്സ് പണിതിട്ടുണ്ട്. കുറച്ചു ഭാഗത്ത് കനാൽ നിർമ്മിച്ചിട്ടുണ്ട്. ഡാമിന്റെ പണികൾ ആരംഭിക്കാനുള്ള പ്രാരംഭ നടപടികളും പൂർത്തിയാക്കി. ഈ ഘട്ടത്തിലാണ് ഇത് നിർത്തി വച്ചിരിക്കുന്നത്. പുനർ നിർമ്മിക്കണമെങ്കിൽ പൂർണ്ണമായിട്ട് നമ്മൾ തന്നെ ചെയ്യേണ്ടി വരും. കേന്ദ്ര ഗവൺമെന്റിന്റെ സഹായം നമുക്ക് ഉണ്ടാകില്ല. അഹാഡ്സിന്റെ സഹായം കിട്ടുമെന്ന് ശ്രീ. കളത്തിൽ അബ്ദുള്ള പറഞ്ഞു. കിട്ടാൻ പോകുന്നില്ല. ഈ പ്രോജക്ടിന് അഹാഡ്സിന്റെ സഹായം ലഭ്യമാകുകയില്ല. മറ്റൊന്ന് 1973 ലെ ശിരുവാണി കരാറനുസരിച്ച് 2.5 ടി.എം.സി. വെള്ളം അട്ടപ്പാടി വാനി പുഴയിൽ നിന്ന്, ഭവാനി ബെയ്സിനിൽ നിന്ന് നമുക്ക് എടുക്കാം. അതിനുള്ള ശ്രമമാണ് നടത്തിയത്. അബ്ദുള്ളക്കും ഈ കാര്യത്തെക്കുറിച്ച് അറിയാം. മുക്കാലിയിൽ വിയർ നിർമ്മിക്കാനും, മുക്കാലി വിയറിൽ നിന്ന് വെള്ളമെടുത്ത് മണ്ണാർക്കാട് താലൂക്കിൽ വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളിലേക്ക് കൊടുക്കാനുമുള്ള ശ്രമമാണ് നടത്തിയത്. സത്യത്തിൽ ദു:ഖകരമെന്നു പറയട്ടെ, നമ്മുടെ ആളുകൾ തന്നെ അതിനെ എതിർത്തു എന്നതാണ് സത്യം. 2.5 ടി.എം.സി. വെള്ളം വാനിപ്പുഴയിൽ നിന്ന് എടുക്കാനുള്ള അർഹത ശിരുവാണി പ്രോജക്റ്റ് എഗ്രിമെന്റ് പ്രകാരം നമുക്ക് ഉള്ളപ്പോൾ 1 ടി.എം.സി. യിൽ താഴെ വെള്ളം എടുക്കാനുള്ള ശ്രമം നടത്തിയപ്പോൾ അതിനെതിരെ മറ്റു ചില നിക്ഷിപ്ത താൽപ്പര്യങ്ങളോടൊപ്പം നമ്മുടെ പല ആളുകളും നിന്നു എന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ജല സമ്പത്ത് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതിലുള്ള വൈരുദ്ധ്യം ഇവിടെ നമുക്ക് പ്രത്യേകമായിട്ട് കാണാൻ സാധിക്കും. അതുപോലെ തന്നെ വരഗയാറിനെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞു. ഭവാനിപ്പുഴയുടെ അപ്പർ സ്ട്രീം തുടങ്ങുന്നത് തമിഴ്നാട്ടിൽ നിന്നാണ്. തമിഴ്നാട് ആ ഭാഗത്ത് പെർമനന്റായിട്ട് ഡാം കെട്ടി അട്ടപ്പാടി ഭാഗത്തേക്ക് വെള്ളം വരാത്ത രീതിയിൽ പൂർണ്ണമായും തമിഴ്നാട്ടിലേക്ക് കൊണ്ടുപോയി. എന്നിട്ട് അവിടെ അവർ പവർ ജെനറേറ്റ് ചെയ്യുന്നു. പവർ ജനറേറ്റ് ചെയ്തതിനുശേഷം അവിടുത്തെ ജലസേചനത്തിനുവേണ്ടി വെള്ളം ഉപയോഗിക്കുന്നു. അതിനെക്കുറിച്ച് പരാതി നൽകാനോ, അതിൽ പ്രതിഷേധിക്കാനോ സംസ്ഥാന ഗവൺമെന്റിന് കഴിയുന്നില്ല. ഇതാണ് അതിന്റെ യാഥാർത്ഥ്യം. വരഗയാറിനെ സംബന്ധിച്ചും ഇതുതന്നെയാണ് സംഭവിച്ചിരിക്കുന്നത്. ഇത് കാലങ്ങളായി സംഭവിച്ചിരിക്കുന്നതാണ്. ഇന്നലേയും ഇന്നും സംഭവിച്ചിരിക്കുന്നതല്ല. നമ്മുടെ ജല സമ്പത്ത് സംരക്ഷിക്കാൻ അല്ലെങ്കിൽ അന്തർ സംസ്ഥാന നദികളായി വരുന്ന നദികളിൽ

നിന്ന് അർഹമായ വെള്ളം നമുക്ക് കിട്ടുന്ന കാര്യത്തിൽ വളരെയേറെ പാളിച്ചകൾ പറ്റിയിട്ടുണ്ട്. അതിലൊന്നാണ് അട്ടപ്പാടിയിൽ ഇന്ന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട്. അട്ടപ്പാടിയിൽ വെള്ളത്തിന് ബുദ്ധിമുട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള ശ്രമം നമുക്ക് കൂട്ടായി നടത്തേണ്ടതായിട്ടുണ്ട്. അങ്ങനെ ചെയ്യുന്ന സന്ദർഭത്തിൽ എല്ലാവരുടേയും കൂട്ടായ ശ്രമം ഉണ്ടെങ്കിലേ സാധ്യമാകൂ. കാഞ്ഞിരപ്പുഴ പ്രോജക്റ്റ് 1961 ൽ ആരംഭിച്ചതാണ്. കാഞ്ഞിരപ്പുഴ പ്രോജക്റ്റ് പൂർണ്ണമായും തീർത്തതായി ഡിക്ലെയർ ചെയ്തിട്ടുണ്ട്. ഡിക്ലെയർ ചെയ്തു എന്നു പറയുമ്പോൾ എല്ലാ കനാലിൽ കൂടിയും സുലഭമായി വെള്ളം കിട്ടുന്നില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രാവശ്യം ബഡ്ജറ്റിൽ കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട എന്നീ മൂന്ന് പ്രോജക്റ്റുകൾക്കുമായി, കാപ്പിറ്റഡ് പ്രോജക്റ്റിന്റെ അവശേഷിക്കുന്ന പണികൾ പൂർത്തിയാക്കി വെട്ടിയ കനാലിൽ കൂടി വെള്ളം കൊടുക്കാൻവേണ്ടി, 15 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ കാഞ്ഞിരപ്പുഴക്കും ചെറിയൊരു തുക കിട്ടും. അങ്ങനെ 2004 മാർച്ച് ആകുമ്പോഴേക്കും കാഞ്ഞിരപ്പുഴയിൽ നിർമ്മിക്കപ്പെട്ട കനാലിൽക്കൂടി വെള്ളം കൊടുക്കാൻ സാധിക്കും. അദ്ദേഹം പറഞ്ഞതിന്റെ 2-ാം ഘട്ടം തുപ്പനാട് പദ്ധതി, ഇന്നത്തെ സാമ്പത്തിക സാഹചര്യം വച്ച് നമുക്ക് ഏറ്റെടുക്കാൻ ബുദ്ധിമുട്ടുണ്ട്. ഇപ്പോഴത്തെ എസ്റ്റിമേറ്റ്, 1990-ലെ റേറ്റനുസരിച്ച് 92 കോടിയാണ്. സ്വാഭാവികമായിട്ടും 1999 ലെ ഷെഡ്യൂൾ അനുസരിച്ച് അത് റിവൈസ് ചെയ്യുമ്പോൾ ഈ 92 എന്നുള്ളത് 125 കോടിയെങ്കിലും ഇപ്പോൾ ആയിക്കാണും. കഴിയുന്നിടത്തോളം പ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരാരംഭിച്ചും, അതുപോലെ തന്നെ ഒരു കാര്യം കൂടി അദ്ദേഹത്തെ അറിയിക്കാം കുന്തിപ്പുഴ ബ്രിഡ്ജിനു സമീപം ആറാട്ടു കടവിലും, ചങ്ങലേരി കടവിലും രണ്ട് ചെക്ക്ഡാമുകൾ നിർമ്മിക്കാനുള്ള സ്കീം നബാർഡ് ആർ.ഐ.ഡി.എഫ്. V-ൽ പ്പെടുത്തി അംഗീകാരം തന്നിട്ടുണ്ട്. ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 105 ലക്ഷം രൂപ ഇതിന് പ്രോജക്റ്റിന്റെ കോസ്റ്റ് വരും. അത് ഉടൻ തന്നെ ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ ഞാൻ ഇവിടെ സൂചിപ്പിച്ചതു പോലെ പണത്തിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് ഗവൺമെന്റ് നടത്തുന്നതാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള : സ്ഥലം അക്വയർ ചെയ്തു. ബിൽഡിംഗും ഉണ്ടാക്കി. നിലവിലുള്ള ഉയരത്തിൽ കുറച്ച് കമ്മി വരുത്തിയാൽ ഇത്ര സംഖ്യ ചെലവാക്കാതെ എ. വി. ഐ. പി. യാഥാർത്ഥ്യമാകും. അതിനെക്കുറിച്ച് അങ്ങ് കാര്യമായി പരിശോധിക്കുമോ ?

ശ്രീ. ടി. എം. ജേക്കബ് : ഞാനിവിടെ പറഞ്ഞല്ലോ. എ.വി.ഐ.പി.യെ സംബന്ധിച്ചിടത്തോളം ഡാമിന്റെ ഹൈറ്റ് എത്ര എന്നുള്ളതല്ല വിഷയം. എ. വി. ഐ. പി. എന്ന പ്രോജക്ട് ഭവാനി പുഴയിലാണ് നിൽക്കുന്നത്. ഭവാനി പുഴയിൽ കൺസ്ട്രക്ഷൻ നടത്തണമെങ്കിൽ എത്ര ഹൈറ്റിൽ വേണമെങ്കിലും നമ്മുടെ സ്റ്റേറ്റ് ഫണ്ട് കണ്ടെത്തണം. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാണെങ്കിൽ അട്ടപ്പാടി പ്രോജക്ട് നമുക്ക് സ്വന്തമായി ആരംഭിക്കാം. നമ്മുടെ സാമ്പത്തിക സ്ഥിതി അത്ര ഭദ്രമല്ല. അതാണ് പ്രശ്നം.

LIBRARY ARCHIVES Kerala Legislative Assembly